STARRED QUESTIONS AND ANSWERS POSTED FOR ANSWER ON 4-2-1964. †

കേരള ഐ. എൻ. ടി. യു. സി. പാസ്സാക്കി അയച്ചിട്ടുള്ള പ്രമേയം.

* 176. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്തകാലത്തു് സംസ്ഥാനത്തെ തൊഴിൽരംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന വിഷമസ്ഥിതികളും കണക്കിലെടുത്തുകൊണ്ടു് തന്മൂലം തൊഴിലാളികളും അനുഭവിക്കുന്ന കഷ്ടപ്പാടുകളും ദൂരീകരിക്കപ്പെടുന്നതിനാവശ്യമായ നടപടികളും കൈക്കൊള്ളുണമെന്നാവശ്യപ്പെടുന്ന കേരള ഐ. എൻ. ടി. യു. സി. എക്സിക്യൂട്ടീവു് പാസ്സാക്കിയ പ്രമേയം ഗവണ്മെൻറിനു ലഭിക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ ആ പ്രമേയത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളും എന്തെല്ലാമാണെന്നു വിശദീകരിക്കാമോ ;

(സി) ഇതിനെ സംബന്ധിച്ചു് ഗവണ്മെൻറു് എന്തെങ്കിലും നടപടികളും സ്വീകരിച്ചിട്ടുണ്ടോ ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) ഇല്ല.

(ബി, സി) ഉദിക്കുന്നില്ല.

സ്റ്റേറ്റു് ട്രാൻസ്പോർട്ടു് ബസ്സുകളുടെ മിനിമം ചാർജ്ജു്.

* 177. [3] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റു് ട്രാൻസ്പോർട്ടു് ബസ്സുകളുടെ മിനിമം ചാർജ്ജു് 10 നയാ പൈസാ ആക്കുന്നതിനു വേണ്ടിയുള്ള പ്രാരംഭ നോട്ടിഫിക്കേഷൻ എന്നാണുണ്ടായതു് ;

(ബി) മിനിമം നിരക്കു് പ്രാബല്യത്തിൽ വരുത്താൻ കാലതാമസം വന്നതു് എന്തുകൊണ്ടാണു് ;

(സി) പ്രൈവറ്റു് ബസ്സുകളിൽ കൂട്ടിയ നിരക്കു് കുറയ്ക്കാൻ എന്തെങ്കിലും നടപടികളും എടുത്തിട്ടുണ്ടോ ;

(ഡി) ട്രാൻസ്പോർട്ടു് നിരക്കു് കുറയ്ക്കുണമെന്ന കാര്യത്തെപ്പറ്റി അന്വേഷിക്കാൻ നിയമിച്ച കമ്മിറ്റി ഇതേവരെ എന്തെല്ലാം പ്രവർത്തികളും ചെയ്തു ;

(ഈ) അതിൻെറ റിപ്പോർട്ടു കിട്ടാൻ കാലാവധി വച്ചിട്ടുണ്ടോ ;

(എഫ്) എന്നു കിട്ടുമെന്നു പ്രതീക്ഷിക്കുന്നു ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) 24—9—1963—ൽ.

(ബി) മോട്ടോർവാഹന നിയമം 43-ാം വകുപ്പു് അനുശാസിക്കുന്ന നടപടികളും പൂർത്തിയാകാത്തതുകൊണ്ടു്.

(സി) ഇല്ല.

(ഡി) ട്രാൻസ്പോർട്ടു് നിരക്കിനെക്കുറിച്ചു് അന്വേഷിക്കാൻ നിയമിച്ച കമ്മിറ്റി യാത്രക്കാർ, ബസ്സുടമകളും, ബസ്സിലെ ജോലിക്കാർ തുടങ്ങിയവരിൽ നിന്നും വസ്തുതകളും ശേഖരിക്കുന്നതിനായി പ്രശ്നാവലി പ്രസിദ്ധപ്പെടുത്തുക

† As the sittings of the Assembly 4th, 5th and 6th February 1964 were cancelled, the questions and answers of those days are included in this day's proceedings.

LIBRARY ARCHIVES Kerala Legislative Assembly